ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.08.2025**

## പ്രധാനവാർത്തകൾ

1) വഴിയോര കച്ചവടവർക്കായുള്ള പിഎം സ്വനിധി പദ്ധതി പരിഷ്ക്കരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. 50 ലക്ഷം ഗുണഭോക്താക്കളെക്കൂടി പദ്ധതിയുടെ ഭാഗമാക്കും.

2) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് നാളെ തുടക്കം..

3) ജി.എസ്.ടി ഘടനാ പരിഷ്കരണം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രിക്ക് കത്ത് അയച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

4) ഭൂപതിവ് നിയമഭേദഗതിയിലെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. നിയമസഭാ സമ്മേളനം സെപ്റ്റംബർ 15 മുതൽ വിളിച്ചു ചേർക്കാനും തീരുമാനം.

5) സംസ്ഥാനത്ത് വയോജന കമ്മീഷൻ നിലവിൽ വന്നു. മുൻ രാജ്യസഭാംഗം കെ സോമപ്രസാദ് കമ്മീഷൻ ചെയർപേഴ്സൺ.

6) സംസ്ഥാനത്ത് മഴ തുടരും. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

&&&&&&&&&&&&&&&&&&

RNU TVPM

## കേന്ദ്ര മന്ത്രിസഭ

വഴിയോര കച്ചവടവർക്കായുള്ള പിഎം സ്വനിധി പദ്ധതി പരിഷ്കരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. പദ്ധതി പ്രകാരമുള്ള വായ്പാ കാലാവധി 2030 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്നതിന് പുറമേ വായ്പാ തുകയും വർദ്ധിപ്പിച്ചു. 7,332 കോടി രൂപയാണ് പദ്ധതി ചിലവ് കണക്കാക്കുന്നത്. 50 ലക്ഷം ഗുണഭോക്താക്കളെക്കൂടി പുതിയതായി പദ്ധതിയുടെ ഭാഗമാക്കും. വഴിയോര കച്ചവടവർക്കാർക്കായി യുപിഐ-ബന്ധിത റുപേ ക്രെഡിറ്റ് കാർഡുകളും അവതരിപ്പിക്കും. 2030 കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നതുമായി ബന്ധപ്പെട്ട് കായിക മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾക്കും മന്ത്രിസഭ അനുമതി നൽകി. 72 രാജ്യങ്ങൾ പങ്കെടുക്കുന്ന ഗെയിംസിന് അഹമ്മദാബാദ് ഉചിതമായ വേദിയായിരിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് നാളെ തുടക്കം. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്യും. ഓഗസ്റ്റ് 31, സെപ്തംബർ 1 തീയതികളിൽ ചൈന സന്ദർശിക്കുന്ന പ്രധാനമന്ത്രി ടിയാൻജിനിൽ നടക്കുന്ന, 25-മത് ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പങ്കെടുക്കും. ചൈനീസ് പ്രസിഡൻറ് ഷീ ജിൻപിങ്ങിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം.

&&&&&&&&&&&&&&&&&&

## മന്ത്രിസഭാ തീരുമാനം

മലയോര ജനത നേരിടുന്ന ഭൂപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി ഭൂപതിവ് നിയമഭേദഗതിയിലെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. പതിച്ച് കിട്ടിയ ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ള വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കുന്നതിനുള്ള ചട്ടവും, കൃഷിക്കും ഗൃഹനിർമാണത്തിനും മറ്റുമായി പതിച്ചു നൽകിയ ഭൂമി ജീവനോപാധി ലക്ഷ്യമാക്കിയുള്ള മറ്റ് വിനിയോഗത്തിന് അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾക്കുമാണ് അംഗീകാരം നൽകിയത്. 2031 ഓടെ കേരളത്തിലുണ്ടാകേണ്ട മാറ്റങ്ങൾ സംബന്ധിച്ചുള്ള ആശയങ്ങൾ ശേഖരിക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കാനും മന്ത്രിസഭായോഗത്തിൽ തീരുമാനമായി. ഒക്ടോബർ മാസം വിവിധ വിഷയങ്ങളിലായി മന്ത്രിമാരുടെ നേതൃത്വത്തിൽ 33 സെമിനാറുകളാണ് സംഘടിപ്പിക്കുക. 15ാാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം സെപ്റ്റംബർ 15 മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോടു ശുപാർശ ചെയ്യാനും മന്ത്രിസഭ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

<u>മുഖ്യമന്ത്രി -ജിഎസ്ടി (ഇൻട്രോ)</u>

ജി.എസ്.ടി ഘടനാ പരിഷ്കരണം നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രിക്ക് കത്ത് അയച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. അവശ്യവസ്തുക്കളുടെ നികുതി കുറയ്ക്കുന്നതിലൂടെ സാധാരണ ജനങ്ങളുടെ നികുതിഭാരം കുറയ്ക്കുന്ന ഏതൊരു നടപടിയും സ്വാഗതാർഹമാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. എന്നാൽ, സംസ്ഥാനങ്ങളുടെ വരുമാന നഷ്ടം ദരിദ്രർക്കും ദുർബല വിഭാഗങ്ങൾക്കും വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കും. ഇക്കാര്യത്തിൽ പ്രധാനമന്ത്രിയുടെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്നും മുഖ്യമന്ത്രി കത്തിൽ അഭ്യർത്ഥിച്ചു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

RNU TVPM

## മന്ത്രി ആർ. ബിന്ദു (ഇൻട്രോ)

പ്രായമായവരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനത്ത് വയോജന കമ്മീഷൻ നിലവിൽ വന്നതായി മന്ത്രി ആർ. ബിന്ദു. മുൻ രാജ്യസഭാംഗം കെ. സോമ പ്രസാദ് ആണ് കമ്മീഷൻറെ ചെയർപേഴ്സൺ. രാജ്യത്താദ്യമായാണ് വയോജനങ്ങൾക്കായി ഇത്തരമൊരു കമ്മീഷൻ രൂപീകരിക്കുന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അമരവിള രാമകൃഷ്ണൻ, ഇ എം. രാധ, കെ. എൻ. കെ. നമ്പൂതിരി, പ്രൊഫ. ലോപ്പസ് മാത്യു എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## ഓണാവധി

സംസ്ഥാനത്തെ സ്കൂളുകൾക്ക് ഒന്നാം പാദവാർഷിക പരീക്ഷകൾക്ക് ശേഷം ഇന്ന് മുതൽ അവധി ആരംഭിച്ചതായും, അക്കാദമിക് കലണ്ടർ പ്രകാരമുള്ള ഓണാവധിയിൽ യാതൊരു മാറ്റവുമില്ലെന്നും മന്ത്രി വി ശിവൻകുട്ടി. അവധിയ്ക്ക് ശേഷം എട്ടാം തിയതി സ്കൂളുകൾ തുറക്കും. ഓണാവധി വെട്ടിച്ചുരുക്കാൻ സർക്കാർ തലത്തിൽ നീക്കം നടക്കുന്നു എന്ന തരത്തിലുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## വി എൻ വാസവൻ

വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ച് ഒമ്പത് മാസത്തിനുള്ളിൽ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തുകൊണ്ട് ലോക മാരിടൈം മേഖലയെ വിഴിഞ്ഞം രാജ്യാന്തര തുറമുഖം വിസ്മയിപ്പിച്ചിരിക്കുകയാണ് മന്ത്രി വി എൻ വാസവൻ. പ്രതീക്ഷിച്ചതിലും മൂന്നിരട്ടിയിലേറെ ചരക്ക് കൈകാര്യം ചെയ്യാൻ തുറമുഖത്തിന് സാധിച്ചതായും അദ്ദേഹം പറഞ്ഞു. യൂറോപ്പ്, യു എസ്, ആഫ്രിക്ക, ചൈന അടക്കമുള്ള അന്താരാഷ്ട്ര വാണിജ്യ

RNU TVPM

മേഖലകളിലേക്ക് നേരിട്ടുള്ള സർവീസുകൾ തുടങ്ങാൻ കഴിഞ്ഞതാണ് വിഴിഞ്ഞത്തിന്റെ കുതിപ്പിന്റെ വേഗം കൂട്ടിയതെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**<u>താമരശ്ശേരി ചുരം (ഇൻട്രോ)</u>**

ഇന്നലെ മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരത്തിൽ വീണ്ടും മണ്ണിടിയുന്നതിനെ തുടർന്ന് ഗതാഗതം പുനസ്ഥാപിക്കുന്നതിൽ പ്രതിസന്ധി. ഗതാഗതം പുനസ്ഥാപിക്കാൻ ഇനിയും സമയമെടുക്കുമെന്നാണ് അധികൃതർ നൽകുന്ന വിവരം.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുണ് വിൻസന്റ്..

(വോയിസ്)

&&&&&&&&&&&&&&&&&&

**<u>ജോർജ്ജ് കുര്യൻ</u>**

RNU TVPM

കൊച്ചിയിൽ നടന്ന അഞ്ചാമത് ലോക് സംവർധൻ പർവ്വ് പരിപാടിയെ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ അഭിസംബോധന ചെയ്തു. കരകൗശല വിദഗ്ധരുടെ കുടുംബങ്ങളിൽ തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്ന കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലോക് സംവർദ്ധൻ പർവിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ, സംരംഭകർ തുടങ്ങിയവർക്ക് ദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയമാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

**<u>മന്ത്രി ജി ആർ അനിൽ</u>**

കർഷകരിൽ നിന്നും സംഭരിച്ച നെല്ലിൻറെ വില ഓണത്തിന് മുമ്പായി നൽകുന്നതിനുള്ള ഇടപെലുകൾ സംസ്ഥാന സർക്കാർ നടത്തി വരികയാണെന്ന് മന്ത്രി ജി ആർ അനിൽ. രണ്ട് സീസണുകളിലായി 2

ലക്ഷത്തി 7,143 കർഷകരിൽ നിന്നും 5.81 മെട്രിക് ടൺ ലക്ഷം നെല്ല് സംഭരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ മൊത്തം തുകയായ 1,645 കോടി രൂപയിൽ 345 കോടി രൂപ കൂടിയാണ് കർഷകർക്ക് ഇനി നൽകാനുള്ളതെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. 2,601 കോടി രൂപയാണ് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>അമീബിക്</u>

കോഴിക്കോട് ജില്ലയിൽ ഒരാൾക്ക് കുടി അമീബിക് മസ്തിഷ്കജ്വര ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു. 43 വയസ്സുള്ള സ്ത്രീയാണ് രോഗലക്ഷണങ്ങളോടെ മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ളത്.

&&&&&&&&&&&&&&&&&&

<u>എഡിജിപി അന്തരിച്ചു.</u>

മുൻ എക്സൈസ് കമ്മീഷണർ എഡിജിപി മഹിപാൽ യാദവ് അന്തരിച്ചു. ജയ്പൂരിലെ സ്വകാര്യ ആശുപത്രിയിലാണ് അന്ത്യം. 1997 ബാച്ച് ഐപിഎസ് ഓഫിസറായ അദ്ദേഹം ഈ മാസം 30നായിരുന്നു വിരമിക്കേണ്ടിയിരുന്നത്. എറണാകുളം ഐജി, കേരള ബിവറേജസ് കോർപറേഷൻ എംഡി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

RIJUTVPM

&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് അടുത്ത 5 ദിവസം മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. 7 ജില്ലകളിൽ ഇന്നും, ആറ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## തുരങ്കപാത

ആനക്കാംപൊയിൽ -കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണപ്രവർത്തികൾ ഈ മാസം 31 ന് തുടങ്ങുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന തുരങ്കപാതയുടെ നിർമാണച്ചെലവ് 2,134 കോടി രൂപയാണ്. 8.73 കിലോമീറ്റർ ദൂരം വരുന്ന പാതയുടെ 8.1 കിലോമീറ്റർ ഇരട്ട ടണൽ ആയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡാണ് പാതയുടെ നിർവ്വഹണ ഏജൻസി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&

RNU TVPM